**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 21** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഇന്ത്യ എന്ന ആശയാടിത്തറ വെല്ലുവിളി നേരിടുന്ന സാഹചര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഇന്ത്യ എന്ന രാഷ്ട്രം കെട്ടിപ്പടുക്കപ്പെട്ട ആശയാടിത്തറയെ കേന്ദ്രഭരണകൂടം തന്നെ വെല്ലുവിളിക്കുന്ന സാഹചര്യമാണ് ഇന്ന് നിലവിലുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഇന്ത്യയുടെ മതനിരപേക്ഷത, ഫെഡറലിസം തുടങ്ങിയ സുപ്രധാനമായ ആശയാടിത്തറകളെ തകിടംമറിയ്ക്കുന്ന തരത്തിലുള്ള പ്രവണതകൾ ചില കേന്ദ്രങ്ങളിൽ നിന്നും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശക്തമായ ഭരണഘടനയുടെ അടിസ്ഥാനത്തിലാണ് ഇന്ത്യയെന്ന രാജ്യം കെട്ടിപ്പടുക്കപ്പെട്ടിരിയ്ക്കുന്നത്. ഭരണഘടനാ തത്വങ്ങൾ ലംഘിക്കപ്പെടുന്ന എല്ലാ സാഹചര്യങ്ങളിലും സംസ്ഥാനസർക്കാർ ശക്തമായി പ്രതികരിച്ചിട്ടുണ്ട്. ഫെഡറൽ സംവിധാനത്തിൽ സംസ്ഥാന സർക്കാരിന് അർഹമായ സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ കേന്ദ്രസർക്കാർ വിമുഖത പ്രകടിപ്പിച്ചപ്പോൾ ആയത് കേന്ദ്രസർക്കാരിനെ ഔദ്യോഗികമായി രേഖാമൂലം തന്നെ ശ്രദ്ധയിൽപ്പെടുത്തുകയും, ഡൽഹിയിൽ പ്രതിഷേധ സമരം സംഘടിപ്പിയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ രാജ്യത്തിന്റെ പരമോന്നത കോടതി മുമ്പാകെ സർക്കാർ ബന്ധപ്പെട്ട വിഷയത്തിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത സാഹചര്യത്തിനെതിരെ സംസ്ഥാനവും നിലവിലെ സർക്കാരും ശക്തമായി പ്രതികരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഇന്ത്യയുടെ മതനിരപേക്ഷത, ഫെഡറലിസം തുടങ്ങിയ സുപ്രധാനമായ ആശയാടിത്തറകളെ തകിടംമറിയ്ക്കുന്ന തരത്തിലുള്ള പ്രവണതകൾ ചില കേന്ദ്രങ്ങളിൽ നിന്നും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശക്തമായ ഭരണഘടനയുടെ അടിസ്ഥാനത്തിലാണ് ഇന്ത്യയെന്ന രാജ്യം കെട്ടിപ്പടുക്കപ്പെട്ടിരിയ്ക്കുന്നത്. ഭരണഘടനാ തത്വങ്ങൾ ലംഘിക്കപ്പെടുന്ന എല്ലാ സാഹചര്യങ്ങളിലും സംസ്ഥാനസർക്കാർ ശക്തമായി പ്രതികരിച്ചിട്ടുണ്ട്. ഫെഡറൽ സംവിധാനത്തിൽ സംസ്ഥാന സർക്കാരിന് അർഹമായ സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ കേന്ദ്രസർക്കാർ വിമുഖത |

| | | | |
|---|---|---|---|
| | | | പ്രകടിപ്പിച്ചപ്പോൾ ആയത് കേന്ദ്രസർക്കാരിനെ ഔദ്യോഗികമായി രേഖാമൂലം തന്നെ ശ്രദ്ധയിൽപ്പെടുത്തുകയും, ഡൽഹിയിൽ പ്രതിഷേധ സമരം സംഘടിപ്പിയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ രാജ്യത്തിന്റെ പരമോന്നത കോടതി മുമ്പാകെ സർക്കാർ ബന്ധപ്പെട്ട വിഷയത്തിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതുമാണ്. |
| (സി) | ഫെഡറലിസത്തിനപ്പുറത്തുള്ള കേന്ദ്രത്തിന്റെ ധനപരമായ ഇടപെടലുകളെ കോടതിക്കകത്തും പുറത്തും ശക്തമായി ഉയർത്തിക്കാട്ടാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്രവിഹിതം നൽകാതെ കേരളത്തെ കടക്കെണിയിലേക്ക് തള്ളിവിടുന്ന തരത്തിലുള്ള കേന്ദ്രത്തിന്റെ ഇടപെടലുകൾക്കെതിരെ സർക്കാർ ശക്തമായിട്ട് തന്നെ പ്രതികരിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്നുള്ള ഇത്തരം ഇടപെടലുകൾക്കെതിരെ ബഹു. സുപ്രീംകോടതിയിൽ സംസ്ഥാനത്തിൻറെ ന്യായവാദങ്ങൾ ശക്തിയുക്തം ഉന്നയിക്കുവാനും, കോടതിയ്ക്ക് പുറത്ത് എം.പി. മാരെയും മറ്റ് സംസ്ഥാനങ്ങളിലെ പാർട്ടി നേതാക്കന്മാരേയും ചേർത്ത് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ന്യൂഡൽഹിയിൽ പ്രതിഷേധിക്കുവാനും കഴിഞ്ഞിട്ടുള്ളതാണ്. |
| (ഡി) | അന്ധവിശ്വാസങ്ങളെയും ശാസ്ത്രത്തെയും കൂട്ടിക്കുഴയ്ക്കാനുള്ള ചിലരുടെ ശ്രമങ്ങളെ ഓരോ ഘട്ടത്തിലും കൃത്യമായി വിലയിരുത്താനും പ്രതികരിക്കാനും സർക്കാർ തയ്യാറായിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | തികച്ചും ശാസ്ത്രീയബോധത്തിൽ ഊന്നിയുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ കൈക്കൊണ്ടുവരുന്നത്. അന്ധവിശ്വാസത്തിലധിഷ്ഠിതമായ പ്രവർത്തനങ്ങളെ എക്കാലത്തും നിരുത്സാഹപ്പെടുത്തുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഈ വിഷയങ്ങൾ കൃത്യമായി വിലയിരുത്താനും പ്രതികരിക്കാനും സർക്കാർ തയ്യാറായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ